"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ.സുജ അഗസ്റ്റിൻ, ജൂനിയർ കൺസൽട്ടന്റ് - സർവ്വീസിൽ നിന്നും വിട്ടുനിന്ന കാലയളവ് ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.1031/2024/H&FWD തീയതി,തിരുവനന്തപുരം, 19-04-2024

---

പരാമർശം:-

1. 21.02.2024, 11.04.2024 തീയതികളിലെ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഇഎ1-22736/2023/ആവഡ നമ്പർ കത്തുകൾ.
2. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ MA No. 369/2024 in OA No. 1910/2023 ന്മേലുള്ള 14.02.2024 തീയതിയിലെ ഇടക്കാല ഉത്തരവ്.

**ഉത്തരവ്**

2023 പൊതുസ്ഥലംമാറ്റത്തിനെതിരെ ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൽട്ടന്റ് ഡോ.ഷാരോൺ എസ്. ജോൺ ബഹു: ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 1910/2023-ൽ ടിയാളുടെ ഇടുക്കി ജില്ലാ ആശുപത്രിയിലേയ്ക്കുള്ള സ്ഥലംമാറ്റം ബഹു. ട്രൈബ്യൂണൽ സ്റ്റേ ചെയ്യുകയും ഡോ.ഷാരോൺ ശാസ്താംകോട്ട താലൂക്ക് ആശുപത്രിയിൽ തന്നെ തുടരുകയും ചെയ്തിരുന്നു. ആയതിനാൽ പ്രസ്തുത ആശുപത്രിയിലേയ്ക്ക് നിയമനം നൽകപ്പെട്ട ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൽട്ടന്റ് ഡോ.സുജ അഗസ്റ്റിന് ടിയാൾ ജോലി നോക്കിയിരുന്ന നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ നിന്നും വിടുതൽ ചെയ്തിരുന്നുവെങ്കിലും, ജോലിയിൽ പ്രവേശിക്കാൻ കഴിയാത്ത സാഹചര്യമുണ്ടാകുകയും, 2023 ജൂലൈ മാസം മുതൽ ശമ്പളം ലഭ്യമാകാതിരിക്കുകയും ചെയ്തു. ടിയാരിയെ നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ തന്നെ താൽക്കാലികാടിസ്ഥാനത്തിൽ ജില്ലാ മെഡിക്കൽ ഓഫീസർ ജോലിക്രമീകരണ വ്യവസ്ഥയിൽ നിയമിച്ചിരുന്നു. ഡോ. സുജ അഗസ്റ്റിന് 2023 ജൂലൈ മുതൽ ഉള്ള ശമ്പളം ലഭിക്കാതിരുന്നതിനാൽ ടിയാൾ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഡോ.ഷാരോൺ എസ്. ജോൺ ഫയൽ ചെയ്ത OA No. 1910/2023 നമ്പർ ഹർജിയിന്മേൽ MA No. 369/2024 ഫയൽ ചെയ്യുകയും, ആയതിന്മേലുള്ള പരാമർശം (2) ഉത്തരവിൽ ടിയാരിയ്ക്ക് അടിയന്തിരമായി ശമ്പളം നൽകുന്നതിന് ബഹു. ട്രൈബ്യൂണൽ

നിർദ്ദേശം നൽകുകയും ചെയ്തിരുന്നു.

2. ഡോ. സുജ അഗസ്റ്റിൻ, നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ നിന്നും 23.06.2023 പൂർവാഹ്നത്തിൽ വിടുതൽ ആകുകയും തുടർന്ന് 27.06.2023 മുതൽ 15.03.2024 വരെ നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ തന്നെ ജോലിക്രമീകരണ വ്യവസ്ഥയിൽ ജോലിയിൽ തുടരുകയും ചെയ്തിട്ടുണ്ടെന്നും, 16.03.2024 പൂർവാഹ്നത്തിൽ ടിയാരി ശാസ്താംകോട്ട താലൂക്ക് ആശുപത്രിയിൽ ജോലിയിൽ പ്രവേശിച്ചതായും, പ്രസ്തുത കാലയളവിൽ ഇടുക്കി ജില്ലാ ആശുപത്രിയിൽ ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തികയിൽ ഒഴിവ് ഉണ്ടായിരുന്നതായും ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (1) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഗൈനക്ക് വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ.സുജ അഗസ്റ്റിൻ നിയമനത്തിനായി കാത്തു നിന്ന **23.06.2023 മുതൽ 15.03.2024 വരെയുള്ള കാലയളവ്**, *ടി കാലയളവിൽ* ഇടുക്കി ജില്ലാ ആശുപത്രിയിൽ ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തികയിൽ ഒഴിവ് ഉണ്ടായിരുന്ന സാഹചര്യത്തിൽ കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം I, ചട്ടം 12 (7)-ന് ചുവടെയുള്ള കുറിപ്പ് 4 പ്രകാരം ഡ്യൂട്ടിയായി ക്രമീകരിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PREENA SHAMSUDDIN
ഡെപ്യൂട്ടി സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ഡോ.സുജ അഗസ്റ്റിൻ, ജൂനിയർ കൺസൾട്ടന്റ് (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
ANUPAMA G NAIR
Date: 19-04-2024 17:15:18
സെക്ഷൻ ഓഫീസർ

മേലെഴുത്ത് നം. ഇ.എ1- 22736/2023/ആ.വ.ഡ, തീയതി 22.4.24
സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും മേൽനടപടികൾക്കുമായി വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

22/4/24

ആരോഗ്യവകുപ്പ് ഡയറക്ടർക്കുവേ